# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.10/338/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.10/338/2023 തീയ്യതി: 22/03/2023

## തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 19-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത്. എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഷീല.എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാഹുൽ.എസ്.എം. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സോഫിയ.എ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഭാഗ്യലക്ഷ്മി.എ. | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. വിനീത.ആർ.പുഷ്കരൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 13-12-2021 |
| ഡോ. സുനിൽകുമാർ.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 14-12-2021 | 31-03-2022 |
| ഡോ. അനിൽകുമാർ.ഡി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 09-11-2021 |
| ഡോ. ഗണേഷ് ബാബു | മെഡിക്കൽ ഓഫീസർ - ആയുർവേദം | 10-11-2021 | 31-03-2022 |
| ശ്രീമതി സിനി.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീമതി ആശാരാജ്.വി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2021 | 13-10-2021 |
| ശ്രീമതി സിനി.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 14-10-2021 | 31-03-2022 |
| ശ്രീമതി ഇന്ദു.ഐ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു.ജെ.എൽ. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സജികുമാർ.വി. | എച്ച്.എം.- ഗവ. യു.പി.എസ്. | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന.പി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 03-02-2022 |
| ശ്രീ. പ്രഭുലാൽ.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-02-2022 | 31-03-2022 |
| ശ്രീ. ബോബി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അഞ്ജലിദേവി.സി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 04-08-2021 |
| ശ്രീമതി ഷൈലാബീവി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 05-08-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാ**ർ**ഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാ**ർ**ഷിക ധനകാര്യ പത്രികയിലെ അപാകങ്ങ**ൾ** | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികൾ | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-1 |
| 8 | ക്യാഷ് പരിശോധന | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-8-1 |
| 12 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-9 |
| 13 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-10 |
| 14 | വസ്തു നികുതി - അപാകങ്ങ**ൾ** | 1-11 |
| 15 | ബേസ് ഡാറ്റാ എ**ൻ**ട്രി പൂ**ർ**ത്തീകരിക്കാത്ത കെട്ടിടങ്ങ**ൾ** | 1-11-1 |
| 16 | വസ്തു നികുതി - ഡിമാന്റ് ഇല്ലാതെ കളക്ഷ**ൻ** | 1-11-2 |
| 17 | കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-11-3 |
| 18 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-11-4 |
| 19 | മൊബൈ**ൽ** ടവറിന്റെ വസ്തു നികുതിയിനത്തി**ൽ** 63600രൂപയുടെ കുടിശ്ശിക | 1-11-5 |
| 20 | കരാറുകാരി**ൽ** നിന്നും തൊഴി**ൽ** നികുതി ഈടാക്കുന്നില്ല. | 1-12 |
| 21 | എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-13 |
| 22 | അസറ്റ് മാനേജ്മെന്റ്- സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-14 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല. | 1-15 |
| 24 | എഫ്.എച്ച്.സി - വാടക വാഹന ഉപയോഗം-അപാകങ്ങൾ | 1-16 |
| 25 | ജീവനക്കാരിൽ നിന്നും ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കേണ്ടതാണ്. | 1-17 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവഴിക്കാതെ ബാക്കി നി**ൽ**ക്കുന്ന തുകക**ൾ** ക്രമീകരിക്കേണ്ടതാണ്. | 1-18 |
| 27 | കോവിഡ് പ്രതിരോധ പ്രവർത്തനം - തുക ലഭ്യമാക്കുന്നതിന് തുടർ നടപടികൾ | 1-19 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 28 | കുടിവെള്ളക്കരം - കുടിശ്ശിക തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 29 | പത്രപ്പരസ്യം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പത്രസ്ഥാപനങ്ങൾ അധിക നിരക്ക് ഈടാക്കുന്നു | 1-21 |
| 30 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-22 |
| 31 | തെരുവ് വിളക്ക് മെയിന്റനൻസ് - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതാണ്. | 1-23 |
| 32 | കെട്ടിടങ്ങളുടെ വിവരം നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല - ഭവന പുനരുദ്ധാരണം അർഹത നിർണയത്തിൽ അപാകം. | 1-24 |
| 33 | ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്. | 1-25 |
| 34 | ലൈഫ് ഭവന പദ്ധതി - പദ്ധതി നിർവഹണത്തിലെ വിവിധ അപാകങ്ങൾ | 1-26 |
| 35 | അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം | 1-27 |
| 36 | പാഥേയം - ചെലവഴിക്കാതെ 7,96,462 രൂപ അവശേഷിക്കുന്നു. | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22ലെ ബജറ്റ്, ഭരണസമിതിയുടെ 1(1) തീയതി 24.02.2021-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 4,15,613 |
| പ്രതീക്ഷിത വരവ് | 26,99,72,000 |
| ആകെ | 27,03,87,613 |
| പ്രതീക്ഷിത ചെലവ് | 26,88,08,500 |
| നീക്കിയിരിപ്പ് | 15,79,113 |

2(5) തീയതി 03.03.2022-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

1)ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്.[ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റ് ഫയൽ പരിശോധിച്ചതിൽ, ഇപ്രകാരമുള്ള നടപടിക്രമങ്ങൾ നടന്നിട്ടുള്ളതായി കാണുന്നില്ല.

2)മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ നടന്നിട്ടില്ല.

3)വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

4)പദ്ധതിയേതര പ്രതീക്ഷിത വരവ് ചെലവുകളുടെ പ്രൊപ്പോസലുകൾ ആവശ്യപ്പെട്ടുകൊണ്ട് ഘടകസ്ഥാപന മേധാവികൾക്ക് 22.02.2021ന് കത്തയച്ചിട്ടുണ്ട്. എന്നാൽ, ഗവ. എൽപിഎസ്, BVUPS ഹെഡ്മാസ്റ്റർമാർ, ICDSസൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ – FHC, കൃഷി ഓഫീസർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ – ആയുർവേദം, മെഡിക്കൽ ഓഫീസർ – ഹോമിയോ എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ നല്കിയിട്ടുള്ളത്. 11.02.2021ന് ഘടകസ്ഥാപന മേധാവികൾ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ യോഗമുണ്ടെന്ന അറിയിപ്പും മേൽ പ്രോപ്പോസലുകളും മാത്രമാണ് ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

വരും വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 24/24.02.2023ന്റെ മറുപടി).

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ച് വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2022 | 06.05.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൌണ്ടിംഗ് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഇവ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 27/25.02.2023ന്റെ മറുപടി).

2)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൌണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടില്ല.

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്. സാംഖ്യ സോഫ്റ്റ് വെയറിൽ ക്രമീകരണം ലഭ്യമാകുന്ന മുറയ്ക്ക് രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4)B18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 13,80,817 |
| 460500801 | Advance To Others | 14,524 |

Advance To Implementing Officers എന്ന ഇനത്തിൽ MGNREGSന് നല്കിയ ഓണറേറിയം തുകയിൽ 5,73,069 രൂപ മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും Advance To Others സാക്ഷരത പ്രേരകിന് നല്കിയ ഓണറേറിയം തുക Adjust ചെയ്തിട്ടില്ലെന്നും വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5)2020-21 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/20.02.2023ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി) പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവ് | ഫണ്ട് |
|---|---|---|---|
| I | കരീച്ചിറ ഓട നിർമ്മാണവും സ്ലാബ് ഇടലും | 457245 | മെയിന്റനൻസ് ഫണ്ട്- റോഡ് |
| Ii | MCFസ്ഥാപിക്കൽ | 315495 | |
| | ആകെ | 7,72,740 | |

എന്നാൽ, എ.എഫ്.എസ് B11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress 4,08,258 രൂപയാണ്. MCFസ്ഥാപിക്കലിനായുള്ള 315495 രൂപ Capital Work In Progressൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കരീച്ചിറ ഓട നിർമ്മാണവും സ്ലാബ് ഇടലും പ്രവൃത്തി മെയിന്റനൻസ് ഫണ്ടായതിനാൽ ഉൾപ്പെടുത്തിയില്ലായെന്നും അറിയിച്ചിട്ടുണ്ട്. Capital Work In Progress 4,08,258 രൂപയായതിനാൽ, പ്രസ്തുത വിശദീകരണത്തിന് കൂടുതൽ വ്യക്തത ആവശ്യമാണ്.

6) വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്ന ധനകാര്യ പത്രികയാണ് സമർപ്പിച്ചിട്ടുള്ളത് (Income & Expenditure Statement പ്രകാരം).

7) ഫിക്സഡ് അസറ്റുകളുടെ ഡിപ്രിസിയേഷൻ രേഖപ്പെടുത്തുന്ന I 17 (A) ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല. അപാകം പരിഹരിച്ച് ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

8)നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B18 | 2021-22 വർഷത്തെ | ആകെ | 2021-22 വർഷം വിനിയോഗിച്ചത് | 2021-22 |
|---|---|---|---|---|---|

| | ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | നിക്ഷേപം (RP47 പ്രകാരം) | | / തിരികെ ലഭിച്ചത് | B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 3266801 | 734827 | 4001628 | 0 | 4001628 |
| കേരള വാട്ടർ അതോറിറ്റി | 1738489 | 0 | 1738489 | * | 0 |

[* കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 2021-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 18/23.02.2023) ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു].

| ക്രമ നം. | പ്രവൃത്തി | നിക്ഷേപം | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|
| I | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിവിധ സ്ഥലങ്ങൾ | 1108377 | 814864 | 293513 |
| Ii | 90mmപൈപ്പ് ലൈൻ – വിവിധ സ്ഥലങ്ങൾ | 996630 | 705896 | 290734 |
| Iii | 63mm PVC പൈപ്പ് ലൈൻ – വിവിധ SCകോളനികൾ | 494407 | 480362 | 14045 |
| Iv | സ്ട്രീറ്റ് ഫൌണ്ടൻ വാർഡ് 6, 12, 14 | 360446 | 322029 | 38417 |
| V | 90 Mmപൈപ്പ് ലൈൻ-പെരുംകുളം | 242807 | 160943 | 81864 |
| Vi | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിവിധ സ്ഥലങ്ങൾ | 935000 | 656418 | 278582 |
| Vii | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വാർഡ് 1, 2, 3, 4, 13, 16 | 750000 | 713114 | 36886 |
| Viii | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ടാപ്പുകൾ | 1150000 | 762638 | 387362 |
| Ix | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ടാപ്പുകൾ | 400000 | 342777 | 57223 |
| ആകെ | | 64,37,667 | 49,59,041 | 14,78,626 |

ക്രമ നമ്പർ I, Ii, Iii എന്നീ പ്രവൃത്തികളിലെ വിനിയോഗിക്കാത്ത തുകയായി 5,98,292 രൂപ (293513+290734+14045) വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്നതായി വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക രസീത് നമ്പർ 121050500224/15.02.2022 പ്രകാരം റീഫണ്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 23/24.02.2023ന്റെ മറുപടി).

2021-22 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടില്ല. മുൻബാക്കിയായി വാർഷിക ധനകാര്യ പത്രികയിൽ 17,38,489 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം 64,37,667രൂപ നിക്ഷേപമുള്ളതായി കാണുന്നു. ഇതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല.

ക്രമ നമ്പർ Ivമുതൽ Ix വരെയുള്ള പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിനിയോഗശേഷമുള്ള ബാക്കി തുക(8,80,334രൂപ) മറ്റ് പ്രവൃത്തികൾക്കായി വിനിയോഗിച്ചെന്ന് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനും വ്യക്തത വരുത്തിയിട്ടില്ല. പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.]

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11026986 | 11026986 | 13094921 | (-)2067935 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11049167 | 11049167 | 10432047 | 617120 |
| വികസനഫണ്ട് (CFC Tied) | 0 | 9290000 | 9290000 | 3302649 | 5987351 |
| വികസനഫണ്ട് (CFC Untied) | 0 | 3378323 | 3378323 | 3000957 | 377366 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 24151136 | 24151136 | 16191320 | 7959816 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 6182241 | 6182241 | 4958587 | 1223654 |

| | | | | | |
|---|---|---|---|---|---|
| CSS | 0 | 0 | 0 | 3039353 | (-)3039353 |
| SSS | 0 | 0 | 0 | 2000000 | (-)2000000 |

വികസനഫണ്ട് (ജനറൽ) ഗ്രാന്റുകയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

1) വിവിധ ഫണ്ടുകളുടെ ചെലവ് ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | AFS പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 11026986 | 11017454 | 11017454 |
| വികസനഫണ്ട് (എസ്.സി.പി) | 11049167 | 9918714 | 9918714 |
| വികസനഫണ്ട് (CFC Tied) | 9290000 | 3302649 | 3302649 |
| വികസനഫണ്ട് (CFC Untied) | 3378323 | 3250956 | 3000957 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 24151136 | 24151136 | 16191320 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 6182241 | 6182241 | 4958587 |

വികസനഫണ്ട്(CFC Untied), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (റോഡിതരം) എന്നിവയുടെ ചെലവിലുള്ള വ്യത്യാസം യഥാക്രമം 249999/-രൂപ, 489224/-രൂപ, 179561/- രൂപ എന്നിങ്ങനെയാണ്. പ്രസ്തുത തുകകൾക്കുള്ള ചെലവ് ACRൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം ബിൽ പണമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No | Requisition ID | Project No | Project Name | Implementing Officer | Scheme | Project Amount | Requisition Amount |
|---|---|---|---|---|---|---|---|
| I | 5024600401210044 | 223 | PURCHASING OF MEDICINE OTHERS FOR PALLIATIVE CARE | Medical Officer, Primary Health Centre/Government Dispensary/CHC | Development Fund - Central Finance Commission Untied Basic Grant | 250000 | 249999 |
| Ii | 5024613601210080 | 60 | ELAPPURAM MANGALATH ROAD RETARING WARD XIV | Assistant Engineer (LSGD) | Maintenance Fund - Road Assets | 490000 | 489224 |
| Iii | 5024613601210081 | 229 | Rennovation Of Various Anganvadies In Kadakkavoor GP | Assistant Engineer (LSGD) | Maintenance Fund - Non-Road Assets | 490000 | 179561 |

പ്രസ്തുത പദ്ധതികളുടെ റിക്വിസിഷൻ 2021-22 വർഷം ചെയ്തെങ്കിലും ട്രഷറിയിൽ പാസാകാതിരുന്നതാണെന്നും 2022-23 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തി ട്രഷറിയിൽ പാസാകുകയും ചെയ്തിട്ടുണ്ടെന്നും ഇക്കാരണത്താലാണ് ACRലും വാർഷിക ധനകാര്യ പത്രികയിലും വ്യത്യാസമുണ്ടായതെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 17/23.02.2023ന്റെ മറുപടി).

2)CSS, SSSഎന്നീ ഫണ്ടുകളുടെ നീക്കിയിരിപ്പ് നെഗറ്റീവ്. പ്രസ്തുത ഫണ്ടുകളുടെ അലോട്ട്മെന്റ് സാംഖ്യ വെബിൽ ഉൾപ്പെടാത്തതാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്. അപാകം പരിഹരിക്കേണ്ടതാണ്.

3)സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

| Code Number | Particulars | Amount |
|---|---|---|
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 12,150 |
| 320700302 | Contributions For Other Specific Purposes (For Capital Expenditure) - From Municipal Corporations | 17,00,000 |

| | | |
|---|---|---|
| 320700402 | Contributions For Other Specific Purposes (For Revenue Expenditure) - From Municipal Corporations | 4,00,000 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure) - From Block Panchayats | 10,80,025 |

320700302എന്ന ഹെഡിൽ അവശേഷിക്കുന്ന 17,00,000 രൂപ 2022-23 വാർഷിക പദ്ധതിയിൽ ടേക് എ ബ്രേക്ക് പദ്ധതിക്കായി വിനിയോഗിക്കുന്നുവെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 27/25.02.2023ന്റെ മറുപടി).

320700402 എന്ന ഹെഡിൽ അവശേഷിക്കുന്ന 4,00,000 രൂപ, 2022-23 വാർഷിക പദ്ധതിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിയിലും, 320700404ഹെഡിലെ 10,80,025 രൂപ ലൈഫ് ഭവനപദ്ധതി വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം എന്ന പ്രോജക്ടിലും വകയിരുത്തി ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്.

ജില്ല പഞ്ചായത്ത് വിഹിതമായി അവശേഷിക്കുന്ന 12,150 രൂപ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് ചെയ്യാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

4) B4ഷെഡ്യൂൾ പ്രകാരം Beneficiary Contribution ഇനത്തിൽ 2,629രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2019-20 വർഷത്തെ തെങ്ങ് കൃഷി വികസനം എന്ന പ്രോജക്ടിനായുള്ള ഗുണഭോക്തൃവിഹിതം ഓഡിറ്റ് പരാമർശത്തെ തുടർന്ന് 1875 രൂപ രസീത് നമ്പർ 121050101203/02.09.2021 പ്രകാരം പഞ്ചായത്തിൽ റീഫണ്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക വീണ്ടും പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചതിനും 754 രൂപയുടെ വ്യത്യാസമുള്ളതിനും വ്യക്തത വരുത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | |
|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം |
| I | കൃഷി ഓഫീസർ | 6 | 6 | 0 | 100 |
| Ii | വെറ്റിനറി സർജൻ | 8 | 8 | 0 | 100 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 10 | 9 | 1 | 90 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 0 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 0 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 20 | 4 | 83 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 9 | 0 | 100 |
| Viii | സെക്രട്ടറി | 34 | 30 | 4 | 85 |
| Ix | അസിസ്റ്റന്റ് എഞ്ചിനീയർ | 89 | 63 | 26 | 71 |
| X | എച്ച്.എം. | 7 | 5 | 2 | 71 |
| Xi | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 7 | 4 | 3 | 57 |
| Xiii | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1 | 0 |
| ആകെ | | 199 | 158 | 41 | 79 |

1)പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതമുൾപ്പെടെ ആകെ വകയിരുത്തിയ ഫണ്ടായ10,29,00,324 രൂപയിൽ 6,06,44,460 രൂപ മാത്രമാണ് ചെലവഴിച്ചത് (59ശതമാനം). സർക്കാർ നിർദ്ദേശപ്രകാരം നിർബന്ധിത പ്രോജക്ടുകൾക്കായി തുക വകയിരുത്തേണ്ടിവന്നതും, കോവിഡ് പശ്ചാത്തലത്തിൽ അനിവാര്യ പ്രോജക്ടുകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടി വന്നതും ശുചീകരണം, ഡി.സി പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവൃത്തികൾക്ക് കൂടുതൽ തനത് ഫണ്ട് ചെലവാക്കേണ്ടിവന്നതും ഫണ്ടിന്റെ അപര്യാപ്തതയും മൊത്തത്തിലുള്ള ചെലവിനെ ബാധിച്ചതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 01/20.02.2023ന്റെ മറുപടി).

2)എ)അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം വാങ്ങിയ 7 പ്രോജക്ടുകളിൽ 4 എണ്ണം മാത്രമാണ് നടപ്പാക്കിയിത്. വകയിരുത്തിയ ഫണ്ടിന്റെ 59ശതമാനമാണ് തൻവർഷം ചെലവഴിച്ചത്. കോവിഡ് സാഹചര്യവും ഫണ്ടിന്റെ അപര്യാപ്തതയും ജനകീയ ഹോട്ടലിന്റെ വൈദ്യുതി ചാർജിനായി അപേക്ഷകൾ ലഭ്യമാകാത്തതുമാണ് പ്രോജക്ടുകൾ നടപ്പാക്കാത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

ബി)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 89 ൽ 26 മരാമത്ത് പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയില്ല.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻ വർഷം നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | SO150/22 | ജലജീവൻ മിഷൻ – കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും ഗാർഹിക പൈപ്പ് കണക്ഷൻ അനുവദിക്കലും | സെക്രട്ടറി |
| Ii | SO166/22 | അയ്യംപുതുക്കൽ ഓട നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iii | SO167/22 | മീരാൻ കടവ് - ശങ്കരംതാഴം റോഡിലെ ഓട നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iv | SO182/22 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ (എസ്.സി.പി) | എച്ച്.എം. |
| V | SO178/22 | സുഭിക്ഷ കേരളം - പടുതാക്കുളം - മത്സ്യകൃഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിനായി വകയിരുത്തിയിരുന്ന തനത് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് പ്രോജക്ട് നടപ്പാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. അയ്യംപുതുക്കൽ ഓട നവീകരണം എന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ രണ്ടാമത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത വ്യക്തിയെകൊണ്ട് പ്രവൃത്തി 2022-23 വർഷം പൂർത്തികരിച്ചതായും മീരാൻ കടവ് - ശങ്കരംതാഴം റോഡിലെ ഓട നിർമ്മാണം എന്ന പ്രവൃത്തി പ്രദേശത്തെ പൊതുജനങ്ങളുടെ തർക്കത്തെ തുടർന്ന് ഉപേക്ഷിച്ചതായും വിശദീകരിച്ചിട്ടുണ്ട്.

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ബി)ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

എ)ഗ്രാമപഞ്ചായത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ട് യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. ആദ്യത്തേത് 03.02.2021 (ഭൂരിഭാഗം മിനിട്സുകളിലും പ്രസ്തുത തീയതി രേഖപ്പെടുത്തിയിട്ടില്ല), രണ്ടാമത്തേത് 17.02.2021- വികസന സെമിനാർ.

ബി) ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും നടപ്പാക്കി വരുന്ന പ്രോജക്ടുകൾ നിർദ്ദേശിക്കുകയല്ലാതെ ക്രിയാത്മകമായ ചർച്ച നടത്തിയതായി കാണുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ 03.02.2021ലെ യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെ ചേർക്കും പ്രകാരമാണ്.

“കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളിൽ വിവിധ ഗ്രാമസഭ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും അടിയന്തിര ആവശ്യകതയുടെ അടിസ്ഥാനത്തിലും

മുൻഗണനാക്രമത്തിൽ നടപ്പിലാക്കണമെന്ന് യോഗത്തിൽ നിർദ്ദേശമുണ്ടായി".

പഞ്ചായത്തിന്റെ ഗതാഗത സൗകര്യ വർദ്ധനവിനുതകുന്ന തരത്തിൽ വിശകലനമോ ആവശ്യകതാ നിർണയമോ നടന്നിട്ടില്ല.

സി)വർക്കിംഗ് ഗ്രൂപ്പുകളിലെല്ലാം തന്നെ അംഗങ്ങളുടെ പൂർണമായ പങ്കാളിത്തം ഉണ്ടായിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ ആകെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| ആരോഗ്യം | 22 | ഇല്ല | 14 |
| | | 17.02.2021 | 10 |
| വിദ്യാഭ്യാസം | 17 | ഇല്ല | 7 |
| | | 17.02.2021 | 8 |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 22 | 03.02.2021 | 9 |

ജനകീയാസൂത്രണ പ്രക്രിയയിൽ നിലവിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്ന അവസ്ഥയാണുള്ളതെന്നും യോഗം സംബന്ധിച്ച് അറിയിപ്പ് നൽകുന്നുണ്ടെങ്കിലും യോഗങ്ങളിൽ പങ്കെടുക്കുന്നതിന് പൊതുവേ അംഗങ്ങൾ വിമുഖത കാണിക്കുന്നതായും വരും വർഷങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 05/21.02.2023ന്റെ മറുപടി).

ഡി) വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചിട്ടില്ല. വരും വർഷങ്ങളിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3)വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ആതാനം നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം-ഓഡിറ്റ് എൻക്വയറി നമ്പർ 05/21.02.2023ന്റെ മറുപടി) |
|---|---|---|---|---|
| I | ആരോഗ്യം | 17.02.2021 | പ്രതിരോധ കുത്തിവയ്പിനായുള്ള കെട്ടിടത്തിന്റെ പൂർത്തീകരണം | കെട്ടിടം പണികഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| | | | ആംബുലൻസ് പാർക്കിംഗ് ഷെഡ് | 2022-23 വർഷം പദ്ധതി തയ്യാറാക്കി ടെന്റർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| Ii | പ്രാദേശിക സാമ്പത്തിക വികസനം | ഇല്ല | തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി വിപണന കേന്ദ്രം | ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പാക്കാൻ കഴിഞ്ഞില്ല. |
| Iii | സാമൂഹ്യ നീതി | 03.02.2021 | വയോജനങ്ങൾക്ക് പകൽവീട് | എം.എൽ.എ- ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| | | | സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് ചുറ്റുമതിൽ | നടപ്പാക്കിയിട്ടില്ല. |
| | | 17.02.2021 | നമ്പർ59, നമ്പർ72 എന്നീ അങ്കണവാടികൾക്ക് പൈപ്പ് കണക്ഷൻ | പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ട്. |
| | | | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 8 അങ്കണവാടികൾക്കും സ്കൂളിൽ പ്രവർത്തിക്കുന്ന അങ്കണവാടിക്കും സ്വന്തമായി സ്ഥലവും കെട്ടിടവും. | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന 3 അങ്കണവാടികൾക്ക് പൊതുജനങ്ങളിൽ നിന്നും ഭൂമി ലഭിച്ചിട്ടുണ്ട്. |
| | | | ജാഗ്രത സമിതി ചേരുന്നതിനായി പഞ്ചായത്തിൽ അടിസ്ഥാന സൗകര്യം | നടപ്പാക്കിയിട്ടില്ല. |

സ്റ്റാറ്റസ് റിപ്പോർട്ട്

ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ(വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളും നടപ്പാക്കിയ പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി (അവലംബം-ഓഡിറ്റ് എൻക്വയറി നമ്പർ 05/21.02.2023ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | ഗുരുതരം | പാർക്കിംഗ് സൗകര്യം (ഓഫീസ്) | സ്ഥലപരിമിതിയുള്ളതിനാൽ നടപ്പാക്കിയില്ല. |
| Ii | കൃഷി | അതീവ ഗുരുതരം | നെൽകൃഷി-ജല ദൗർലഭ്യം (കുളപ്പാട്ടം, ഏലാപ്പുറം, മേലാറ്റിങ്ങൽ പാടശേഖരങ്ങൾ) | തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി മുഖേനയും പൊതുജനങ്ങളുടെ സഹകരണത്തോടെയും നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ജലം എത്തിക്കുന്നതിന് ഒരുപരിധിവരെ സാധിച്ചിട്ടുണ്ട്. |
| Iii | പട്ടികജാതി വികസനം | അതീവ ഗുരുതരം | ശുദ്ധജല ദൗർലഭ്യം | ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| | | ഗുരുതരം | കോളനികളിലെ അടിസ്ഥാന സൗകര്യകുറവ് | എം.എൽ.എ- ആസ്തി വികസനഫണ്ട് ഉപയോഗിച്ച് സമഗ്ര കോളനി വികസനം എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| Iv | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | ചെറുകിട സംരംഭങ്ങളുടെ അപര്യാപ്തത | വ്യാവസായിക വകുപ്പ് മുഖേനയും ഗ്രാമപഞ്ചായത്ത് മുഖേനയും പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1046000 | 64 |
| വിധവാപെൻഷൻ | 19231400 | 1269 |
| വാർദ്ധക്യകാലപെൻഷൻ | 43257500 | 2950 |
| വികലാംഗപെൻഷൻ | 5914800 | 371 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 902700 | 59 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാലും എല്ലാ മരണറിപ്പോർട്ടും പരിശോധിക്കാത്തതിനാലും 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 102410201750 | തോമസ്.ജെ. | 22.04.2021 | വാർദ്ധക്യകാല പെൻഷൻ | 05/21 മുതൽ 11/22 വരെ | 19x1600=30400 |
| 2 | 102460203538 | കെ.സുധാകരൻ | 03.07.2021 | വാർദ്ധക്യകാല പെൻഷൻ | 08/21 മുതൽ 02/22 വരെ | 7x1600= 11200 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 102460202317 | സുരേന്ദ്രൻ | 28.07.2021 | വാർദ്ധക്യകാല പെൻഷൻ | 08/21 മുതൽ 02/22 വരെ | 7x1600= 11200 |
| 4 | 102460400331 | ലതിക.എസ് | 08.07.2021 | വികലാംഗ പെൻഷൻ | 08/21 മുതൽ 12/21 വരെ | 5X1600= 8000 |
| 5 | 102460203191 | രാജൻ | 29.07.2021 | വാർദ്ധക്യകാല പെൻഷൻ | 08/21 | 1600 |
| 6 | 102460203709 | ശ്രീരാമൻ | 21.07.2021 | വാർദ്ധക്യകാല പെൻഷൻ | 08/21 മുതൽ 02/22 വരെ | 7 X1600= 11200 |
| 7 | 102460200049 | ലക്ഷ്മി.ആർ | 18.08.2021 | വാർദ്ധക്യകാല പെൻഷൻ | 09/21 മുതൽ 02/22 വരെ | 6 X1600= 9600 |

ക്രമ നമ്പർ 1ലെ പെൻഷൻ ഗുണഭോക്താവിന്റെ (അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്) പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആണ്.

അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 13/22.02.2023ന്റെ മറുപടി). എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം പരിശോധിച്ച്, സർക്കുലർ നം.63/2021/ധന തീയതി 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2023, 10.15AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65,705രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള പൊതുഅവലോകനം താഴെചേർക്കുന്നു.

1) ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരും ഫയൽ സൂക്ഷിപ്പിൽ ജാഗ്രത പുലർത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്.

2) സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ലായെന്നും പ്രത്യേകമായി റിവ്യൂ മീറ്റിംഗുകൾ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 33/25.02.2023ന്റെ മറുപടി).

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

2021ൽ പൗരാവകാശരേഖ പരിഷ്കരിച്ചിട്ടുള്ളതായി അറിയിച്ചെങ്കിലും അതിന്റെ പകർപ്പ് പൗരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

5) റിക്കോഡ് റൂം ISO മാനദണ്ഡങ്ങൾക്ക് അനുസൃതമായി സജ്ജീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

6) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

7) വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

9) പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ്.

10) കോവിഡ് പ്രതിരോധ പ്രവർത്തനം - തുക ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

11) സംയുക്ത പ്രോജക്ടായ പാഥേയം - ചെലവഴിക്കാതെ 7,96,462/- രൂപ അവശേഷിക്കുന്നു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 162 | 531786 * | 531948 | 531948 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49407854 | 49407854 | 49407854 | 0 |
| ആകെ | 162 | 49939640 | 49939802 | 49939802 | 0 |

* 530786 (RP31) +1000(Stale Cheques) = 531786

Stale Cheques ആയി രേഖപ്പെടുത്തിയ 1000 രൂപ, 100 തൊഴിൽ ദിനത്തിന് Reward ആയി നല്കിയ തുകയിൽ ഗുണഭോക്താവിന്റെ അക്കൌണ്ടിൽ ക്രെഡിറ്റാകാതെ തിരികെ വന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 27/25.02.2023ന്റെ മറുപടി).

2021-22 വർഷത്തെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം - 15തീയതി 23.02.2023)

| | |
|---|---|
| 2021-22സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-3692<br>അംഗങ്ങൾ- 4344 |
| 2021-22സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1985<br>തൊഴിലാളികൾ-2160 |
| 2021-22സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1985<br>തൊഴിലാളികൾ-2160 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 0 |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | 0 |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | 0 |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 2160 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 310 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 300 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 300 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 2089 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 323 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | - |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 74 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 160832 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 1232 |
| 80-99 | 173 |
| 70-79 | 101 |
| 60-69 | 62 |
| 50-59 | 64 |
| 50 ൽ താഴെ | 528 |

## 1-8-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ താഴെപ്പറയുന്നു.

1. വ്യക്തിഗത ആസ്തികളായ ആട്ടിൻകൂട്, കാലിതൊഴുത്ത്, കോഴിക്കൂട് എന്നിവ വിവിധ ഗുണഭോക്താക്കൾക്കായി നല്കിയിട്ടുണ്ട്. എന്നാൽ ഇവർ ആട്, പശു, കോഴി എന്നിവ വളർത്തുന്ന കർഷകരാണ് എന്നുള്ള വെറ്റിനറി സർജന്റെ സാക്ഷ്യപത്രം, പ്രസ്തുത വ്യക്തിഗത ആസ്തികൾ മൃഗങ്ങളുടെ പരിപാലനത്തിനായി തന്നെ ഉപയോഗിക്കും എന്ന് ഓരോ ഗുണഭോക്താവും സെക്രട്ടറിയുമായി ചമച്ച കരാർ എന്നിവ ഇല്ല.

2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

3.പല ഫയലുകളോടൊപ്പവും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല. കയർ ഭൂവസ്ത്രം ഉപയോഗിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

5. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല.

6. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2022 മുതൽ 18.02.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 16.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 | 2010-11 മുതൽ 2014-15 വരെ | 14.03.2016 |

## 1-10 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2021-22 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ, എല്ലാ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിശദാംശവും (ലൈസൻസിയുടെ പേര്, മേൽവിലാസം, ARD നമ്പർ) പ്രസ്തുത റേഷൻകടകളിൽ നിന്നും ഈടാക്കിയ സ്ഥാപന നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 04/20.02.2023ന്റെ മറുപടി).

| ക്രമ നം. | ലൈസൻസിയുടെ പേരും മേൽവിലാസവും | വാർഡ് നം. | ARD നം. |
|---|---|---|---|
| I | സുധാമണി, പുലരി, വയലിൽകുളം, ആറ്റിങ്ങൽ | 3 | 112 |
| Ii | കുമാരി വത്സല, പ്രയാഗ, കീഴാറ്റിങ്ങൽ * | 5 | 111 |
| Iii | സുദേവൻ, പ്രസന്ന, ഡി.എം ഹൌസ്, ആറ്റിങ്ങൽ * | 6 | 113 |
| Iv | ലീലാമ്മ, അഴീകത്ത്, കടയ്ക്കാവൂർ | 7 | 103 |
| V | ചൈതന്യ | 7 | 102 |
| Vi | രേഖ, കയനിയിൽ, കടയ്ക്കാവൂർ | 8 | - |
| Vii | അശോകൻ, ഉണ്ടത്തിൽ വീട്, കടയ്ക്കാവൂർ | 9 | 100 |
| Viii | സുനിൽ കുമാർ | 10 | 336 |

| | | | |
|---|---|---|---|
| Ix | ജോയി, വിജയാലയം, കടയ്ക്കാവൂർ | 11 | 374 |
| X | ഷിജു | 12 | 104 |
| Xi | സഫിയ ബീവി, ബംഗ്ലാവിൽ വീട്, പാലാംകോണം | 14 | 106 |
| Xii | ചന്ദ്രരാജൻ, ലക്ഷ്മി നിവാസ്, കടയ്ക്കാവൂർ | 14 | 403 |
| Xiii | സൊസൈറ്റി, കടയ്ക്കാവൂർ | 16 | 107 |
| Xiv | എ.സലിം, പാലാംകോണം | 16 | 109 |
| Xv | സിനിദാസ്, ത്രിവേണി, മേലാറ്റിങ്ങൽ * | 16 | 386 |

*ക്രമനമ്പർ Ii, Iii, Xv എന്നീ ലൈസൻസികൾ ലൈസൻസ് ഫീ, തൊഴിൽ നികുതി ഇനങ്ങളിലായി യഥാക്രമം 500 രൂപ വീതവും 1500 രൂപ വീതവും ഒടുക്കിയിട്ടുണ്ട്. മറ്റുള്ള ലൈസൻസികളിൽ നിന്നും ഈടാക്കാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-11-1 ബേസ് ഡാറ്റാ എൻട്രി പൂർത്തീകരിക്കാത്ത കെട്ടിടങ്ങൾ

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന പഴയ കെട്ടിടങ്ങളുടെ ഫോം -6 ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| Ward_ Year | Ward_ Number | Door Number | Doorn Umber_ Sub | Owner Name | Owner House Name | Base_file Status |
|---|---|---|---|---|---|---|
| 2013 | 3 | 204 | A | ശശി.എസ് | ശ്രീനിലയം | Approved |
| 2013 | 5 | 450 | B | - | - | DE Started |
| 1993 | 10 | 943 | - | - | - | DE Started |
| 2013 | 16 | 550 | | Muraleedharan Nair | Saraswathy Vilasam | DE Ongoing |

3/204A കെട്ടിടത്തിന് 3/212A എന്ന നമ്പർ നൽകിയിട്ടുള്ളതായും കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സമയത്ത് സോഫ്റ്റ് വെയർ തകരാറുമൂലം അതിന് കഴിയാതെ വരികയും കെട്ടിടത്തിന് മറ്റൊരു നമ്പർ നൽകി അപ്രൂവ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഫോം -6 പൂർത്തീകരിക്കാതെ ഡ്യൂപ്ലിക്കേഷൻ വന്നിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ഒഴിവാക്കുന്നതിന് ഐ.കെ.എം-ന് കത്ത് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 38/27.02.2023ന്റെ മറുപടി).
അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-11-2 വസ്തു നികുതി - ഡിമാന്റ് ഇല്ലാതെ കളക്ഷൻ

സഞ്ചയ സോഫ്റ്റ്വെയറിൽ 8-ാം വാർഡ് മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (ഡിമാന്റ് തുക 0). ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | വിസ്തീർണം (ചതുരശ്ര മീറ്റർ) | നാളിതുവരെ ഈടാക്കിയ നികുതി |
|---|---|---|---|---|
| 8/114 | സുധ | പാർപ്പിടാവശ്യം | 75 | 1072 |

ഫീൽഡ് തല അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിനും നികുതി നിർണയിക്കുന്നതിനും വാർഡ് സ്റ്റാഫിനെ ചുമതലപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 36/ 27.02.2023ന്റെ മറുപടി). തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-11-3 കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1, 14 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 1(മേലാറ്റിങ്ങൽ)

| Missing From | Missing To | Missing Total |
|---|---|---|
| 14 | 14 | 1 |
| 27 | 27 | 1 |
| 32 | 32 | 1 |
| 34 | 34 | 1 |
| 36 | 36 | 1 |
| 71 | 72 | 2 |
| 75 | 75 | 1 |
| 80 | 80 | 1 |
| 90 | 90 | 1 |
| 94 | 94 | 1 |
| 96 | 96 | 1 |
| 100 | 100 | 1 |
| 102 | 103 | 2 |
| 109 | 109 | 1 |
| 111 | 111 | 1 |
| 117 | 117 | 1 |
| 121 | 121 | 1 |
| 145 | 145 | 1 |
| 160 | 160 | 1 |
| 166 | 166 | 1 |
| 169 | 170 | 2 |
| 175 | 175 | 1 |
| 180 | 180 | 1 |
| 196 | 196 | 1 |
| 216 | 216 | 1 |
| 232 | 232 | 1 |
| 272 | 272 | 1 |
| 274 | 274 | 1 |
| 280 | 280 | 1 |
| 290 | 290 | 1 |
| 305 | 305 | 1 |
| 324 | 324 | 1 |
| 329 | 329 | 1 |
| 361 | 361 | 1 |
| 363 | 368 | 6 |
| 374 | 374 | 1 |
| 380 | 380 | 1 |
| 387 | 387 | 1 |
| 389 | 389 | 1 |
| 399 | 399 | 1 |

| | | |
|---|---|---|
| 407 | 407 | 1 |
| 417 | 417 | 1 |
| 420 | 420 | 1 |
| 423 | 423 | 1 |
| 428 | 428 | 1 |
| 430 | 430 | 1 |
| 439 | 439 | 1 |
| 444 | 444 | 1 |
| 448 | 448 | 1 |
| 453 | 453 | 1 |
| 469 | 470 | 2 |
| 493 | 517 | 25 |
| 519 | 551 | 33 |
| 553 | 619 | 67 |
| 621 | 813 | 193 |
| Total | | 378 |

വാർഡ് 14(മണനാക്ക്)

| Missing From | Missing To | Missing Total |
|---|---|---|
| 8 | 8 | 1 |
| 12 | 12 | 1 |
| 23 | 23 | 1 |
| 32 | 32 | 1 |
| 35 | 35 | 1 |
| 49 | 49 | 1 |
| 54 | 54 | 1 |
| 57 | 57 | 1 |
| 69 | 69 | 1 |
| 80 | 80 | 1 |
| 82 | 82 | 1 |
| 86 | 87 | 2 |
| 101 | 101 | 1 |
| 103 | 103 | 1 |
| 107 | 108 | 2 |
| 122 | 122 | 1 |
| 127 | 127 | 1 |
| 129 | 129 | 1 |
| 132 | 132 | 1 |
| 134 | 134 | 1 |
| 136 | 136 | 1 |
| 141 | 141 | 1 |
| 151 | 151 | 1 |
| 160 | 160 | 1 |
| 166 | 166 | 1 |
| 171 | 171 | 1 |
| 174 | 174 | 1 |

| | | |
|---|---|---|
| 190 | 190 | 1 |
| 193 | 193 | 1 |
| 197 | 197 | 1 |
| 199 | 200 | 2 |
| 222 | 222 | 1 |
| 233 | 233 | 1 |
| 242 | 242 | 1 |
| 264 | 264 | 1 |
| 268 | 268 | 1 |
| 273 | 273 | 1 |
| 280 | 280 | 1 |
| 282 | 282 | 1 |
| 285 | 285 | 1 |
| 287 | 288 | 2 |
| 291 | 291 | 1 |
| 300 | 300 | 1 |
| 302 | 302 | 1 |
| 311 | 313 | 3 |
| 318 | 318 | 1 |
| 326 | 326 | 1 |
| 330 | 330 | 1 |
| 337 | 337 | 1 |
| 343 | 343 | 1 |
| 359 | 359 | 1 |
| 373 | 373 | 1 |
| 376 | 376 | 1 |
| 382 | 382 | 1 |
| 400 | 400 | 1 |
| 413 | 413 | 1 |
| 420 | 420 | 1 |
| 423 | 423 | 1 |
| 427 | 427 | 1 |
| 431 | 431 | 1 |
| 436 | 436 | 1 |
| 454 | 454 | 1 |
| 458 | 458 | 1 |
| 466 | 466 | 1 |
| 471 | 471 | 1 |
| 477 | 477 | 1 |
| 483 | 483 | 1 |
| 488 | 488 | 1 |
| 494 | 494 | 1 |
| 507 | 508 | 2 |
| 512 | 512 | 1 |
| 514 | 515 | 2 |

| | | |
|---|---|---|
| 521 | 522 | 2 |
| 530 | 530 | 1 |
| 535 | 535 | 1 |
| 544 | 544 | 1 |
| 546 | 546 | 1 |
| 550 | 550 | 1 |
| 554 | 554 | 1 |
| 557 | 557 | 1 |
| 559 | 559 | 1 |
| 561 | 568 | 8 |
| 573 | 573 | 1 |
| 575 | 575 | 1 |
| 577 | 942 | 366 |
| 944 | 1007 | 64 |
| Total | | 530 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ/പുനരുദ്ധാരണ പ്രോജക്ടുകളിൽ, കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്ത് അസസ് മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാൽ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

വാർഡുകളിലെ മിസിംഗ് നമ്പരുകൾ സംബന്ധിച്ച് ഫീൽഡ് തല അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിനും നിയമാനുസൃത കെട്ടിടങ്ങളാണെങ്കിൽ ആയവ അസസ്മെന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി നിർണയിക്കുന്നതിനും വാർഡ് സ്റ്റാഫിനെ ചുമതലപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 35/27.02.2023ന്റെ മറുപടി).

എല്ലാ വാർഡുകളെയും സംബന്ധിച്ച് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-4 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും നിയമത്തിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയർ മുഖേനയുള്ള വസ്തു നികുതി ശേഖരണത്തിന്റെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിലെ 3, 6, 10 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം (ചതുരശ്ര മീറ്റർ) |
|---|---|---|---|---|
| 1 | 3/31 | പ്രസന്ന | പാർപ്പിടാവശ്യം | 80 |
| 2 | 3/41 | ഗോപാലകൃഷ്ണപിള്ള | പാർപ്പിടാവശ്യം | 90 |
| 3 | 3/87 | രാഘവൻപിള്ള | പാർപ്പിടാവശ്യം | 70 |
| 4 | 3/207 | വി.മോഹനൻ | പാർപ്പിടാവശ്യം | 79 |
| 5 | 3/214 | കമലമ്മ | പാർപ്പിടാവശ്യം | 80 |
| 6 | 3/229 | സുദേവൻ | പാർപ്പിടാവശ്യം | 140 |
| 7 | 3/235 | ഗോപാലകൃഷ്ണൻ നായർ | പാർപ്പിടാവശ്യം | 92 |
| 8 | 3/244 | സുനിൽ കുമാർ | പാർപ്പിടാവശ്യം | 90 |
| 9 | 3/280 | മാധവി | പാർപ്പിടാവശ്യം | 135 |
| 10 | 3/294 | രാധ | പാർപ്പിടാവശ്യം | 100 |
| 11 | 3/350 | ജ്ഞാനപാലൻ | പാർപ്പിടാവശ്യം | 75 |
| 12 | 3/381 | ശ്യാമള രവീന്ദ്രൻ നായർ | പാർപ്പിടാവശ്യം | 89 |

| | | | | |
|---|---|---|---|---|
| 13 | 3/423 | ലീല | പാർപ്പിടാവശ്യം | 135 |
| 14 | 3/428 | സുധർമ്മിണി | പാർപ്പിടാവശ്യം | 72 |
| 15 | 3/435 | ശശി | പാർപ്പിടാവശ്യം | 136 |
| 16 | 3/457 | നടേശൻ | പാർപ്പിടാവശ്യം | 126 |
| 17 | 3/476 | കുഞ്ഞി | പാർപ്പിടാവശ്യം | 122 |
| 18 | 3/477 | ഓമന | പാർപ്പിടാവശ്യം | 132 |
| 19 | 3/487 | ഭാനു | പാർപ്പിടാവശ്യം | 124 |
| 20 | 6/93 | സുമാല്യം | പാർപ്പിടാവശ്യം | 72 (താഴത്തെ നില)<br>48 (ഒന്നാം നില) |
| 21 | 10/8 | ശാലിനി | പാർപ്പിടാവശ്യം | 71.4 |
| 22 | 10/45 | മീനാക്ഷി | പാർപ്പിടാവശ്യം | 40 (താഴത്തെ നില)<br>40 (ഒന്നാം നില) |
| 23 | 10/52 | സരസമ്മ | പാർപ്പിടാവശ്യം | 81 |
| 24 | 10/76 | ശിശുപാലൻ | പാർപ്പിടാവശ്യം | 94.5 |
| 25 | 10/99 | കൌസല്യ | പാർപ്പിടാവശ്യം | 72 |
| 26 | 10/100 | ബാലചന്ദ്രൻ | പാർപ്പിടാവശ്യം | 72 |
| 27 | 10/128 | നടരാജൻ | പാർപ്പിടാവശ്യം | 88.5 |
| 28 | 10/268 | ഗോപാലൻ | പാർപ്പിടാവശ്യം | 71.21 |
| 29 | 10/270 | കെ.പി.സോമനാഥൻ | പാർപ്പിടാവശ്യം | 85 |
| 30 | 10/292 | ശശിധരൻ നായർ | പാർപ്പിടാവശ്യം | 70 |
| 31 | 10/333 | എൻ. കുമാരൻ | പാർപ്പിടാവശ്യം | 135 |
| 32 | 10/415 | ഭാനുമതി | പാർപ്പിടാവശ്യം | 116 |
| 33 | 10/466 | മാധവി അമ്മ | പാർപ്പിടാവശ്യം | 143 |
| 34 | 10/468എ | റിങ്കിൽ .സി | പാർപ്പിടാവശ്യം | 90 |
| 35 | 10/517 | മാധവി അമ്മ | പാർപ്പിടാവശ്യം | 72 |
| 36 | 10/654എ | രവീന്ദ്രൻ .ജി | പാർപ്പിടാവശ്യം | 89 |

സഞ്ചയ സോഫ്റ്റ് വെയറിൽ ആനുവൽ റെന്റൽ വാല്യൂ പൂജ്യം എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി, വിസ്തീർണം പ്രകാരം പുനർനിർണയിച്ചെന്നും സർക്കാർ തീരുമാന പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധിപ്പിച്ചത് ആനുവൽ റെന്റൽ വാല്യൂ ആയി തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ കുറവ് ചെയ്തെന്നും ARV പൂജ്യമായി രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി പൂജ്യമായി കുറവ് ചെയ്തതിനാലുമാണ് ഡിമാന്റ് ചെയ്യാതെ രേഖപ്പെടുത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/27.02.2023ന്റെ മറുപടി). ചൂണ്ടിക്കാണിച്ച ഉദാഹരണങ്ങളിലെ കെട്ടിടങ്ങളുടെ വിസ്തീർണം 60 ചതുരശ്ര മീറ്ററിൽ കൂടുതലായതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ വിസ്തീർണം അനുസരിച്ച് നികുതി നിർണയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നികുതി പുനഃ നിർണയിക്കുന്നതിനും വസ്തു നികുതി പിരിച്ചെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-11-5 മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ 63600രൂപയുടെ കുടിശ്ശിക

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ 63600രൂപ കുടിശ്ശികയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Building ID | Door NO | Owner Name | Owner Address |
|---|---|---|---|
| 50246010007816 | 5/191 | Manager | Dishnet Vairles Ltd R.R.Arcad Thammanam |

| SL. No | Year | Period | Pro.Tax | LC | Surcharge | ServiceTax | TotalTax |
|---|---|---|---|---|---|---|---|
| 1 | 2013-2014 | Ist Half | 3000 | 150 | 0 | 30 | 3180 |
| 2 | 2013-2014 | IInd Half | 3000 | 150 | 0 | 30 | 3180 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 2014-2015 | Ist Half | 3000 | 150 | 0 | 30 | 3180 |
| 4 | 2014-2015 | IInd Half | 3000 | 150 | 0 | 30 | 3180 |
| 5 | 2015-2016 | Ist Half | 3000 | 150 | 0 | 30 | 3180 |
| 6 | 2015-2016 | IInd Half | 3000 | 150 | 0 | 30 | 3180 |
| 7 | 2016-2017 | Ist Half | 3000 | 150 | 0 | 30 | 3180 |
| 8 | 2016-2017 | IInd Half | 3000 | 150 | 0 | 30 | 3180 |
| 9 | 2017-2018 | Ist Half | 3000 | 150 | 0 | 30 | 3180 |
| 10 | 2017-2018 | IInd Half | 3000 | 150 | 0 | 30 | 3180 |
| 11 | 2018-2019 | Ist Half | 3000 | 150 | 0 | 30 | 3180 |
| 12 | 2018-2019 | IInd Half | 3000 | 150 | 0 | 30 | 3180 |
| 13 | 2019-2020 | Ist Half | 3000 | 150 | 0 | 30 | 3180 |
| 14 | 2019-2020 | IInd Half | 3000 | 150 | 0 | 30 | 3180 |
| 15 | 2020-2021 | Ist Half | 3000 | 150 | 0 | 30 | 3180 |
| 16 | 2020-2021 | IInd Half | 3000 | 150 | 0 | 30 | 3180 |
| 17 | 2021-2022 | Ist Half | 3000 | 150 | 0 | 30 | 3180 |
| 18 | 2021-2022 | IInd Half | 3000 | 150 | 0 | 30 | 3180 |
| 19 | 2022-2023 | Ist Half | 3000 | 150 | 0 | 30 | 3180 |
| 20 | 2022-2023 | IInd Half | 3000 | 150 | 0 | 30 | 3180 |
| Total | | | | | | | 63600 |

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 37/27.02.2023ന്റെ മറുപടി). തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 03/20.02.2023ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി).

| ക്രമ നം. | പേര് |
|---|---|
| 1 | സുൽഫിക്കർ.എം. |
| 2 | സ്മിജുലാൽ.എസ്. |
| 3 | ബിനീഷ് ചന്ദ്രൻ |
| 4 | ബുഹാരി.എസ്. |
| 5 | ഷിറാസ്.എ.നഹാസ്. |
| 6 | സുധാകരൻ |
| 7 | വിജയകുമാർ.വി. |
| 8 | വിജയൻ.വി. |
| 9 | സജീഷ് കുമാർ.വി. |
| 10 | റൂബി.എച്ച്. |
| 11 | ഹരിദാസ്.ഡി. |
| 12 | വിജയൻ.ജി. |
| 13 | സുരേഷ്.എം. |
| 14 | അനിൽകുമാർ.എസ്. |
| 15 | ബാജി.എം. |

| | |
|---|---|
| 16 | ഷൈൻ.ആർ. |
| 17 | ശശികുമാർ.വി. |
| 18 | വിനീത്.കെ.ആർ. |
| 19 | നീലാംബരൻ.കെ. |
| 20 | സുദേവൻ.എൻ. |
| 21 | സോമൻ.ബി. |

പ്രസ്തുത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒരു കരാറുകാരൻ പഞ്ചായത്തിൽ ഒന്നോരണ്ടോ പ്രവൃത്തികളാണ് ഏറ്റെടുക്കാറുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ദിനങ്ങൾ വേണ്ടിവരാറില്ലെന്നും ആയതിനാൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 10/22.02.2023ന്റെ മറുപടി). ഇത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തിക്കായി കരാർ പ്രകാരം പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതുവരെയുള്ള കാലയളവ് പരിഗണിച്ച് അവർ മറ്റ് തദ്ദേശ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടില്ലായെങ്കിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

## 1-13 എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ബി.വി.യു.പ.എസ് ചുറ്റുമതിലിൽ നിർമ്മാണം എന്ന പ്രവൃത്തിയിലെ അപാകത ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,<br>പേര് | 161/21-22,<br>ബി.വി.യു.പ.എസ് ചുറ്റുമതിലിൽ നിർമ്മാണം |
| എം ബുക്ക് നം | 302/20-21 |
| കരാറുകാരൻ | സുജലാൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം | 77/11.10.21 |

പ്രസ്തുത പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റം -5 ആയി ഗ്രിൽ വർക്ക് ചെയ്തതിന് DAR 10.16.1 സ്പെസിഫിക്കേഷൻ പ്രകാരം 486.87കിലോഗ്രാമിന് 124.48/കിലോ നിരക്കിൽ 60,605.57 രൂപ നല്കിയിട്ടുണ്ട്. പ്രസ്തുത നിരക്ക് Built Up Section ട്രസ് വർക്കിനാണ് നൽകിവരുന്നത്. ഗ്രിൽ വർക്ക് ചെയ്തതിന് DAR 10.25.2 (118.55)നിരക്ക് നൽകിയാൽ മതിയാകുന്നതാണ്. ഇത്തരത്തിൽ, ഉയർന്ന നിരക്ക് നല്കിയതിന് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 30/25.02.2023), Steel Hollow Tubes ഉപയോഗിച്ച Frame നിർമ്മിച്ചതിനു ശേഷമാണ് ഗ്രിൽ അതിൽ ഉറപ്പിച്ചിരിക്കുന്നതെന്നും അതിനാൽ പ്രസ്തുത നിരക്ക് നൽകിയതിന് അപാകത ഇല്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ, മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തിക്കൾക്ക് പർലിൻ, റാഫ്റ്റർ, ബീം, ടൈ എന്നിവ ഉപയോഗിച്ച് വരുന്നതിനാലാണ് DAR 10.16.1 ൽ ഉയർന്ന നിരക്ക് നൽകുന്നത്. കൂടാതെ, പഞ്ചായത്തിലെ എംസിഎഫ് നിർമ്മാണം, കളക്ലേഴ്സ് അറ്റ് സ്കൂൾ എന്ന പ്രവൃത്തികളിലെല്ലാമുള്ള സമാന രീതിയിലുള്ള ഗ്രിൽ നിർമ്മാണ ഇനങ്ങളിൽ DAR 10.25.2 എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയിൽ ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകുന്നതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. അതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം പ്രവൃത്തികളിൽ ശരിയായ സ്പെസിഫിക്കേഷൻ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 അസറ്റ് മാനേജ്മെന്റ്- സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ -39/27.02.2023). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നും, നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ

വാല്യുവേഷൻ പ്രകാരം ഉപയോഗശൂന്യമായ ആസ്തികൾ കയ്യൊഴിഞ്ഞിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന് പ്രോജക്ടിൽ മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/<br>പേര് | 109/21-22,<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം | 72/8.10.21, 300000/- |
| അടങ്കൽ | 300000/- |
| ചെലവ് | 300000/- |

പ്രസ്തുത പ്രോജക്റ്റിൽ 3,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 1,33,674/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായതായി കാണുന്നത്. 1,66,326/- രൂപയുടെ മരുന്ന് ലഭ്യമായില്ല. മരുന്ന് ലഭ്യമാകുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 31/ 25.02.2023ന്റെ മറുപടി). തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 എഫ്.എച്ച്.സി - വാടക വാഹന ഉപയോഗം-അപാകങ്ങൾ

എഫ് എച്ച് സി യിലെ വിവിധ പരിപാടികൾക്ക് വാഹനം വാടകക്ക് എടുത്ത് ഉപയോഗിക്കുന്നതിലെ അപാകതകൾ ചുവടെ പറയുന്നു.

(1)പ്രോജക്റ്റ് നം 84/21-22, ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം -വാഹന വാടക

മേൽ പ്രോജക്റ്റിൽ 24.9.2021 , 18.1.2021 എന്നീ തീയതികളിൽ ഒരേ വാഹനം രണ്ട് പേർ ഒരേ സമയം ഉപയോഗിച്ചതായി രേഖപ്പെടുത്തി ആയതിൻ പ്രകാരം തുക അനുവദിച്ചതായി കാണുന്നു.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A. 24.9.2021 ൽ ശ്രീ. ഷീജാ കെ മണി, നഴ്സ് (FWC,കടക്കാവൂർ) വാക്സിനേഷൻ നടത്തുന്നതിനായി KL 16G 3019 എന്ന വാഹനത്തിൽ യാത്ര നടത്തിയതിന് 500/- രൂപ അനുവദിച്ചിട്ടുണ്ട്. അതേ ദിവസം ശ്രീ.പ്രീതാ, നഴ്സ് വാക്സിനേഷനായി(ഭജനമഠം) ഇതേ വാഹനത്തിൽ യാത്ര ചെയ്തതിന് 500/- രൂപ അനുവദിച്ചിട്ടുണ്ട്. ടി യാത്രയുടെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

B. 18.1.2021 ൽ ശ്രീ. ഇന്ദു. നഴ്സ് വാക്സിനേഷൻ(FWC,കീഴാറ്റിങ്ങൽ) നടത്തുന്നതിനായി KL 16V 0436 എന്ന വാഹനത്തിൽ(10Amമുതൽ) യാത്ര നടത്തുകയും ആയതിന് 500/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതേ ദിവസം അതേ വാഹനത്തിൽ (10Am മുതൽ) തന്നെ ശ്രീ. ഷീജാ കെ മണി,നഴ്സ് വാക്സിനേഷൻ(FWC,കടക്കാവൂർ) പ്രവൃത്തിക്കായി യാത്ര നടത്തുകയും ആയതിന് 500/- രൂപ അനുവദിച്ചതായും കാണുന്നു. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരവും ഒരേ തീയതിയിലും സമയത്തും തന്നെയാണ് യാത്ര നടത്തിയതെന്നും കാണുന്നു.

C. 23.11.2021 മുതൽ 21.12.2021 വരെയുള്ള കാലയളവിൽ യാത്രനടത്തിയ ട്രിപ്പ്ഷീറ്റ് ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

(2) രണ്ട് പ്രോജക്റ്റുകളിൽ നടത്തിയ വിവിധ യാത്രകൾക്ക് ഒരേ വാഹനം ഒരേ തീയതിയിൽ ഉപയോഗിച്ചു.

A. പ്രോജക്റ്റ് നം 84/21-22 ൽ 26.8.2021 ൽ ശ്രീ. ഷീജാ കെ മണി,നഴ്സ് വാക്സിനേഷൻ(FWC,കടക്കാവൂർ) പ്രവൃത്തിക്കായി KL 16V 0436 എന്ന വാഹനത്തിൽ (10Amമുതൽ)യാത്ര നടത്തുകയും ആയതിന് 500/- രൂപ അനുവദിച്ചതായും കാണുന്നു.അതേ സമയം പ്രോജക്റ്റ് നം 14/21-22 ൽ(വൌച്ചർ നം. 154/21-22) പ്രകാരവും ഇതേ ദിവസം ഇതേ വാഹനത്തിൽ ശാസ്താംനട ഭാഗത്ത് (10Amമുതൽ)യാത്ര നടത്തുകയും ആയതിന് 704/- രൂപ അനുവദിച്ചതായും കാണുന്നു.

B. പ്രോജക്റ്റ് നം 84/21-22 ൽ 12.10.2021 ൽ ൽ ശ്രീ. ഇന്ദു. നഴ്സ് വാക്സിനേഷൻ(FWC,കീഴാറ്റിങ്ങൽ) നടത്തുന്നതിനായി KL 16V 0436 എന്ന വാഹനത്തിൽ(10Am മുതൽ) യാത്ര നടത്തുകയും ആയതിന് 500/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നം 14/21-22 ൽ(വൌച്ചർ നം. 221/21-22) ഇതേ ദിവസം ഇതേ വാഹനത്തിൽ തൊട്ടിക്കല്ല് ഭാഗത്ത് (10Amമുതൽ)യാത്ര നടത്തുകയും ആയതിന് 1152/- രൂപ അനുവദിച്ചതായും കാണുന്നു.

C. പ്രോജക്റ്റ് നം 84/21-22 , 26.10.2021 ൽ ശ്രീ.ഗീത ,പെരുംകുളം ഭാഗത്ത് യാത്ര ചെയ്തതിന് KL 16V 0436 എന്ന വാഹനത്തിൽ(10Am മുതൽ) യാത്ര നടത്തുകയും ആയതിന് 500/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നം 14/21-22 ൽ(വൌച്ചർ നം. 228/21-22) ഇതേ ദിവസം ഇതേ വാഹനത്തിൽ തൊട്ടിക്കല്ല് ഭാഗത്ത് (10.30Amമുതൽ)യാത്ര നടത്തുകയും ആയതിന് 752/- രൂപ അനുവദിച്ചതായും കാണുന്നു.

ഇപ്രകാരം വിവിധ പ്രോജക്റ്റുകളിൽ ഒരേ വാഹനത്തിൽ ഒരു ദിവസം ഒരേ സമയം യാത്ര നടത്തിയതിന് രണ്ട് തവണ തുക അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നമ്പർ 32/25.02.2023) നൽകുകയും ആയതിന് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ചുവടെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു.

1(a) ലെ യാത്ര നടത്തിയത് 24.9.2021 ന് രാവിലെയും, ഉച്ചക്ക് ശേഷവുമാണ് എന്ന് പറയുന്നു. എന്നാൽ എൻക്വയറിയിൽ ആവശ്യപ്പെട്ട ടി ദിവസത്തെ ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ട്രിപ്പ് ഷീറ്റ് ലഭ്യമാക്കേണ്ടതാണ്.

1(b) യിൽ 18.1.2021 ലെ യാത്ര നടത്തിയത് 21.1.2021 ൽ ആണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ പിശക് പറ്റിയത് എന്നുമാണ്. Immunization Register ന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ (വാഹന ഉടമ നൽകുന്നത്) 18.1.2021 ൽ രാവിലെ 10 Am ന് യാത്ര നടത്തിയായി ശ്രീ.ഇന്ദു, ഷീജാ കെ മണി എന്നിവർ സാക്ഷ്യപ്പെടുത്തുകയും,ടി യാത്രകൾ നടത്തിയതിന് തുകയും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല.

1(c) യിൽ ആവശ്യപ്പെട്ട 23.11.2021-21.12.2021 വരെ കാലയളവിലെ ട്രിപ്പ്ഷീറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം 2(a), 2(b), 2(c) എന്നിവക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ടി അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 ജീവനക്കാരിൽ നിന്നും ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കേണ്ടതാണ്.

കോവിഡിന്റെ ഭാഗമായി 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ജീവനക്കാരുടെ മാറ്റിവച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സ.ഉ(അ).നം.122/2021/ധന തീ.01.09.2021, സർക്കുലർ നം.71/2021/ധന തീ. 03.09.2021 എന്നിവ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം 2020 മാർച്ച് മാസത്തിലെ എൻ.പി.എസ് കോൺട്രിബ്യൂഷന് തുല്യമായ തുക Deferred Salaryയുടെ അവസാന ഗഡുവിൽ നിന്നും കുറവ് ചെയ്യേണ്ടതും തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ മാറ്റിവെച്ച ശമ്പളം തിരികെ നൽകിയപ്പോൾ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ദേശീയ പെൻഷൻ പദ്ധതി അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | രമ്യ ആർ | ക്ലർക്ക് |
| 2 | സുബി മെറിൻ ബാബു | ക്ലർക്ക് |
| 3 | ലതിക ബി | എഫ്.റ്റി.എസ് |
| 4 | ഷിറിൻ ഷിഹാന | ക്ലർക്ക് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (20/23.02.2023) മറുപടിയിൽ ജീവനക്കാരിൽ നിന്നും തുക ഈടാക്കി ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം (വനിത) | പ്രത്യേക കന്നുകുട്ടി പരിപാലനം (വനിത) എസ്. സി.പി |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ | 102/22 | 123/22 |
| അടങ്കൽ | 21,25,000/- | 3,00,000 |
| ചെലവ് | 10,75,000/- | 1,50,000 |
| ബിൽ നം/വൗച്ചർ നം | 430000/-119/8.11.21<br>7500/-120/8.11.21<br>200000/-111/8.11.21<br>437500-ഉണഭോക്തൃവിഹിതം | 87500/-122/8.11.21<br>62500/-125/9.11.21 |

ഗ്രാമപഞ്ചായത്തിൽ വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം(വനിത) പദ്ധതിക്കായി 2021-22 വർഷം 1075000/-രൂപയും പ്രത്യേക കന്നുകുട്ടി പരിപാലനം (വനിത) എസ് സി പി പദ്ധതിക്കായി 150000/- രൂപയും ചെലവാക്കിയിട്ടുണ്ട്.

2018-19വർഷം മുതൽ 2020-21 വരെ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവായ തുക |
|---|---|---|
| 2018-19 | 1250000/- | 1250000/- |
| 2019-20 | 1200000/- | 850000/- |

| | | |
|---|---|---|
| 2020-21 (വനിത) | 500000/- | 500000/- |
| 2020-21 (വനിത) എസ് സി പി | 300000/- | 275000/- |

പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 22 തീയതി 23.02.23). പ്രത്യേക കന്നുകട്ടി പരിപാലനം പദ്ധതിക്കായി നൽകിയ തുകകളിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കോവിഡ് പ്രതിരോധ പ്രവർത്തനം - തുക ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0134/22 |
| പ്രോജക്ടിന്റെ പേര് | ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനം പരിപാലനം കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1100000(1000000 വി.ഫ+100000 ത.ഫ) |
| ചെലവ് | 1100000/- |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 വർഷം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തനത് ഫണ്ട് വൗച്ചർ പ്രകാരവും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.911/2021/തസ്വഭവ തീ.26.04.2021 ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എസ്.ഡി.ആർ.എഫിൽ റീ ഇംപേഴ്സ്മെന്റ് പ്രൊപ്പോസൽ സമർപ്പിച്ച് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, റീ ഇംപേഴ്സ്മെന്റിന്റെ അർഹത ഡി.ഡി.എം.എകളുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഡൊമിസിലിയർ കെയർ സെന്ററുകൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്[സ.ഉ(സാധാ)നം.2642/2021/തസ്വഭവ തീ.29.12.2021]. 2021-22 വർഷം പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | തനത് ഫണ്ട്(പ്രോജക്ട് ഉൾപ്പെടെ) | പ്ലാൻ ഫണ്ട് |
|---|---|---|---|
| 1 | ഡിസിസി പ്രവർത്തനം | 386988 | 964884 |
| 2 | മറ്റ് കോവിഡ് പ്രവർത്തനം | 230180 | 35116 |
| | ആകെ | 617168 | 1000000 |

മേൽ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക നാളിതുവരെ എസ്.ഡി.ആർ.എഫിൽ നിന്നും ലഭിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/21.02.2023 ) ലഭിച്ച മറുപടിയിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും തുക നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തുക ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-20 കുടിവെള്ളക്കരം - കുടിശ്ശിക തുക ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0143/22 |
| പ്രോജക്ടിന്റെ പേര് | പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1653900/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1653900/- |

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കുന്നതിനാണ് പദ്ധതി തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ സെക്ഷനിൽ നിന്നും ലഭിച്ച 20.04.2022 ലെ 62618 നമ്പർ ബിൽ പ്രകാരം 31.03.2022 വരെ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ കുടിശ്ശിക 2,67,00,140/- രൂപയാണ്. ഇത്രയും ഭീമമായ തുക വെള്ളക്കര കുടിശ്ശികയായി ഉണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. എന്നാൽ, വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റിൽ പ്രസ്തുത തുകയുടെ വിവരം ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ഉൾപ്പെട്ട രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

2) 2021-22 വർഷത്തിൽ 300 പൊതുടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളക്കരം അടവാക്കിയത്. എന്നാൽ, പൊതുടാപ്പുകളുടെ എണ്ണം 300 ആയി നിജപ്പെടുത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ 21.12.2022 തീയതിലെ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം 226 പൊതു ടാപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. നിലവിൽ 226 ടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/21.02.2023) ലഭിച്ച മറുപടിയിൽ കുടിശ്ശിക തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത തുക ഒടുക്ക് വരുത്തുന്നതിന് തനത് ഫണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാൽ, സർക്കാർ ധനസഹായത്തോട് കൂടി കുടിശ്ശിക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഉടർ നടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 പത്രപ്പരസ്യം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പത്രസ്ഥാപനങ്ങൾ അധിക നിരക്ക് ഈടാക്കുന്നു

| പ്രോജക്ട് നമ്പർ | SO024/22 | SO006/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പദ്ധതി ആസൂത്രണം രൂപീകരണം മോണിറ്ററിംഗ് | പദ്ധതി ആസൂത്രണം രൂപീകരണം മോണിറ്ററിംഗ് ചെലവുകൾ |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 80560(തനത് ഫണ്ട്) | 100000 (വികസന ഫണ്ട്) |
| ചെലവ് | 65864 | 100000 |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020, ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2021-22വർഷങ്ങളിലെ ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള കൗമുദി, മാതൃഭൂമി എന്നീ ദിനപ്പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല തുക അനുവദിച്ചത്. മേൽ ഉത്തരവുകൾ പ്രകാരം കേരള കൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158 രൂപയും (കാറ്റഗറി സി), മാതൃഭൂമി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 83 രൂപയുമാണ്(കാറ്റഗറി സി). കൂടാതെ, സർക്കാർ സ്ഥാപനങ്ങൾ പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട സാഹചര്യമുണ്ടായാൽ പി.ആർ.ഡി. പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ വർദ്ധന നല്കാൻ പാടുള്ളൂവെന്നും അതോടൊപ്പം പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ, പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായി മേൽ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ഇൻവോയ്സ് നമ്പർ | വിസ്തീർണം (Cm2) | ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് | ഇൻവോയ്സ് തുക (Area X Rate-15% Disc.+5%GST) | പരമാവധി നല്കേണ്ടിയിരുന്ന തുക (Area X 83+50% Hike-15% Dis.+ 5%GST) | അധിക തുക |
|---|---|---|---|---|---|---|
| SO024/22 (മാതൃഭൂമി) | 321000066137/06.11.2021 | 19.50 | 450 | 7832 | 2167 | 5665 |
| | 321000073082/23.11.2021 | 40 | 135 | 5670 (Wlithot Discount) | 4445 | 1225 |
| SO006/22 (മാതൃഭൂമി) | 321000026401/17.07.2021 | 19.50 | 450 | 7832 | 2167 | 5665 |

| പ്രോജക്ട് നമ്പർ | ഇൻവോയ്സ് നമ്പർ | വിസ്തീർണം ($Cm^2$) | ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് | ഇൻവോയ്സ് തുക (Area X Rate +5%GST) | പരമാവധി നല്കേണ്ടിയിരുന്ന തുക (Area X 158+50% Hike-15% Dis.+5%GST) | അധിക തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| SO024/22 (കേരള കൗമുദി) | BLTVM00380235/27.02.2022 | 32 | 320 | 10752 | 6769 | 3983 |
| SO006/22 (കേരളകൗമുദി) | BLTVM00363937/19.02.2021 | 24 | 304 | 7661 | 5077 | 2584 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.12/22.02.2023) മറുപടിയിൽ, പത്രസ്ഥാപനങ്ങൾ സർക്കാർ നിരക്കിൽ പത്രപ്പരസ്യം നൽകാൻ തയ്യാറാകുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പത്രപ്പരസ്യത്തിന് അധിക നിരക്ക് ഈടാക്കുന്നത് സംബന്ധിച്ച് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ, മേൽ സ്ഥാപനങ്ങളിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കാൻ ശ്രമിക്കേണ്ടതും ഭാവിയിൽ ഇത്തരം അധികച്ചെലവ് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | SO145/22 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 3000000(ധ.ഗ്രാ) |
| ചെലവ് | 299963 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ടെൻഡർ നടപ്പാക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത അൽഫ ഇലട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്ന് 299963/- രൂപയ്ക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ 2021-22 വർഷം ലഭിച്ചതും വിതരണം ചെയ്തതുമായ തെരുവ് വിളക്കുകളുടെയും മറ്റ് വിവിധ ഇനങ്ങളുടെയും എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിൽ വാങ്ങിയ വിവിധ ഇനങ്ങളുടെ സ്റ്റോക്കിന്റെ നീക്കിയിരിപ്പ് ഉൾപ്പെടുത്തി രജിസ്റ്റർ പരിഷ്കരിച്ചിട്ടില്ല. കൂടാതെ, മുൻവർഷങ്ങളിൽ വാങ്ങിയ വിവിധ ഉപകരണങ്ങൾ ഉപയോഗിക്കാതെ, തൻ വർഷം മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ ഇനങ്ങൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. മുൻവർഷത്തെ നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | 15 Watts Led Bulb | 13 |
| 2 | Single Core Aluminum Wire 1.5 Mm2 | 2 |
| 3 | Double Core Aluminum Wire 2.5 Mm2 | 4 |
| 4 | Plastic Bulb Shade | 200 |
| 5 | Tube Light 36 Watt | 180 |
| 6 | Electronic Choke | 157 |
| 7 | Side Holder | 620 |

2) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ, മേൽ പ്രോജക്ടിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 08/21.02.2023) ലഭിച്ച മറുപടിയിൽ, സ്റ്റോക്ക് പ്രകാരം മുൻവർഷത്തെ നീക്കിയിരിപ്പ് ഇനങ്ങൾ പൂർണമായും ഉപയോഗിച്ചിട്ടുണ്ടെന്നും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ക്രമകരിച്ച് ഓഡിറ്റിന് ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, അൽഫ ഇലട്രോണിക്സ് എന്ന സ്ഥാപനം ജി.എസ്.ടി, സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും ഭാവിൽ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സ്രോതസ്സിൽ നിന്നും തുക നേരിട്ട് കുറവ്

ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് മെയിന്റനൻസ് - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0142/22 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 148800(വികസനഫണ്ട്) |
| ചെലവ് | 148800 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. ശ്രീ. നവാസ്, സുബി മൻസിൽ, പെരുംകുളം എന്ന കരാറുകാരനാണ് 2021-22 വർഷത്തിൽ മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം, ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ, അല്ലെങ്കിൽ, ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.09/21.02.2023 ന് ലഭിച്ച മറുപടിയിൽ കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 കെട്ടിടങ്ങളുടെ വിവരം നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല - ഭവന പുനരുദ്ധാരണം അർഹത നിർണയത്തിൽ അപാകം.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0101/22 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 2400000 |
| ചെലവ് | 1942900 |

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന വ്യക്തികളുടെ വീട് പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.01.2022 ലെ എ-4/A3/119/21 നമ്പർ സാക്ഷ്യ പത്രം പ്രകാരം ലീല, പറമ്പിൽ വീട് എന്ന വ്യക്തിയുടെ 3/387/A നമ്പർ കെട്ടിടത്തിന്റെ കാലപ്പഴക്കം 15 വർഷം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2020 ഒന്നാം അർദ്ധ വർഷം മുതലാണ്. കൂടാതെ, സഞ്ചയ സോഫ്റ്റ് വെയർ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടാത്ത വിവിധ കെട്ടിടങ്ങൾക്ക്, പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുമുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (26/24.02.2023) മേൽ അപേക്ഷ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാൽ സ്ഥലപരിശോധന നടത്തി അർഹത ഉറപ്പാക്കിയ ശേഷമാണ് തുക അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച് മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഉൾപ്പെടെ പരാമർശിച്ചിട്ടുണ്ട്. നികുതി നിർണയ രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0170/22 | S0171/22 |
| പ്രോജക്ടിന്റെ പേര് | ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യ വികസനം (എസ്.സി.പി) | ന്യൂലൈഫ് ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ I | വി.ഇ.ഒ സർക്കിൾ I |

| | | |
|---|---|---|
| അടങ്കൽ | 90000(ബ്ലോ.പ) | 100000(ബ്ലോ.പ) |
| ചെലവ് | 90000 | 100000 |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം. മേൽ പ്രോജക്ട് പ്രകാരം 2020-21 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായി, കാക്കോട് ലക്ഷം വീട് കോളനിയിലെ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ന്യൂ ലൈഫ് പദ്ധതി മാർഗരേഖ പ്രകാരം, ഭവന പുനരുദ്ധാരണത്തിന് നൽകുന്ന പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയാണ്. ധനസഹായം 40:20:40 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വകയിരുത്തണം. എന്നാൽ, മേൽ പ്രോജക്ടുകൾ പ്രകാരം, ഭവന പുനരുദ്ധാരണത്തിന് ജനറൽ വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിന് 1.5 ലക്ഷം രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2021-22 വർഷത്തെ പദ്ധതി പ്രകാരമുള്ള ഫണ്ട് പൂർണമായും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

2) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം, ആദ്യ ഗഡു കൈപ്പറ്റി രണ്ട് മാസത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു തുക അനുവദിക്കേണ്ടതാണ്. എന്നാൽ 2021 ജനവരി മാസത്തിൽ തുക അനുവദിച്ച ഗുണഭോക്താക്കൾക്ക് 2021 നവംബർ മാസത്തിലാണ് അവസാനത്തെ ഗഡു അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ച തീയതി, എഞ്ചിനീയറിംഗ് വിഭാഗം വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നൽകിയ തീയതി എന്നിവ അപേക്ഷയിലും സർട്ടിഫിക്കറ്റിലും ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

3)ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്. എന്നാൽ, 2021-22 വർഷത്തിൽ കാക്കോട് ലക്ഷം വീട് കോളനിയിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 19/23.02.2023) ലഭിച്ച മറുപടിയിൽ ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിലാണ് ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഫയൽ സൂക്ഷിപ്പിലെയും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിലെയും അപാകങ്ങൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 ലൈഫ് ഭവന പദ്ധതി - പദ്ധതി നിർവഹണത്തിലെ വിവിധ അപാകങ്ങൾ

| പ്രോജക്ട് നം. | S0176/22 | S0177/22 | S0092/22 | S0088/22 | S0185/22 |
|---|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി | ലൈഫ് ഭവന പദ്ധതി എസ്.സി.പി | ലൈഫ് ഭവന പദ്ധതി എസ്.സി.പി | ലൈഫ് ഭവന പദ്ധതി ജനറൽ | എസ്.സി അഡീഷണൽ ലിസ്റ്റ്-ലൈഫ് |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 3000000 | 2781924 | 4000000 | 4000000 | 5040000 |
| ചെലവ് | 700000 | 1060000 | 820000 | 1500000 | 3420000 |

2021-22 വർഷം നടപ്പാക്കിയ ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടത്. എന്നാൽ, ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട മേൽ വ്യവസ്ഥകൾ ഉൾപ്പെടുത്താതെയാണ് മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടുള്ളത്. അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളിലും നിർവഹണ ഉദ്യോഗസ്ഥൻ/കക്ഷികൾ, സാക്ഷികൾ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)ലൈഫ് പദ്ധതി പ്രകാരം വിനിയോഗിക്കേണ്ട ഫണ്ടിനത്തിന്റെ അടിസ്ഥാനത്തിലല്ല ഗുണഭോക്താക്കൾക്ക് തുക നൽകുന്നത്. കൂടാതെ, ഗുണഭോക്താക്കൾക്ക് നൽകുന്ന ഫണ്ടിനം ലൈഫ് പ്രോജക്ടുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 പ്രകാരമുള്ള മാർഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതുമാണ്. മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതി, നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ തീയതി എന്നിവ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഭവനനിർമ്മാണത്തിന്റെ വിവിധ ഗഡു തുകകൾ സമയബന്ധിതമായി അനുവദിച്ചു നൽകിയോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/24.02.2023) ലഭ്യമാക്കിയ മറുപടിയിൽ ഫയൽപരിപാലനത്തിലെയും പദ്ധതി നിർവഹണത്തിലെയും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-27 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ -14 /23.02.2023ന്റെ മറുപടി)

| നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 26 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 17 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 8 |
| 4 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 5 |
| 5 | ചുറ്റമതിൽ ഇല്ലാത്തവ | 6 |
| 6 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 7 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് | 0 |
| 9 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 10 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 11 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 12 | ടോയ് ലെറ്റ് ഇല്ലാത്തവ | 0 |
| 13 | ഫാൻ ഇല്ലാത്തവ | 0 |
| 14 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 |

അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പാഥേയം - ചെലവഴിക്കാതെ 7,96,462 രൂപ അവശേഷിക്കുന്നു.

| പ്രോജക്ട് നമ്പർ | SO117/22 | |
|---|---|---|
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 248890 | 248890 |
| തനത് ഫണ്ട് | 21830 | 21830 |
| ജില്ല പഞ്ചായത്ത് വിഹിതം | 406080 | 0 |
| ആകെ | 676800 | 270720 |
| ബിൽ നമ്പർ | 227/10.01.2022, തുക – 248890 | |
| ചെക്ക് നമ്പർ | 2397875/29.01.2022 | |

അഗതികളും 60 വയസ്സിന് മുകളിലുള്ളവരും ഒരുനേരത്തെ ആഹാരം പോലും ലഭ്യമല്ലാത്തവുമായ വയോജനങ്ങൾക്ക് ഒരുനേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്ന പദ്ധതി.

ഗ്രാമ പഞ്ചായത്ത് വിഹിതമായി തനത് ഫണ്ടിൽ നിന്നും 21,830/- രൂപ ഉൾപ്പെടെ 2,70,720/- രൂപ ജില്ലാപഞ്ചായത്തിന് കൈമാറി. ആകെ 47 ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വിഹിതമായ 16 രൂപ ക്രമത്തിലാണ് ജില്ല പഞ്ചായത്തിന് കൈമാറിയതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 28/25.02.2023ന്റെ മറുപടി).

CDSന്റെ പാഥേയം അക്കൌണ്ടിൽ (നമ്പർ 40092200098759 കാനറ ബാങ്ക്, കടയ്ക്കാവൂർ) 31.03.2022ൽ 4,02,915/- രൂപ നീക്കിയിരിപ്പുണ്ട്. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിന്റെ അവസാന നീക്കിയിരിപ്പ്(01.02.2023ലേത്) 2,87,734/- രൂപയാണ്.

പാഥേയത്തിനായി ലഭ്യമായ തുകയിൽ, CDSന്റെ തനത് അക്കൌണ്ടിൽ (നമ്പർ 40092200098450) നില നിൽക്കുന്നതും പാഥേയം അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാത്തതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ലഭിച്ച തീയതി | തുക |
|---|---|
| 03.07.2021 | 206424 |
| 24.03.2021 | 31584 |

| | |
|---|---|
| 31.03.2021 | 270720 |
| ആകെ | 5,08,728 |

പ്രസ്തുത തുക പാഥേയം അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ലഭ്യമായ വിവരങ്ങൾ പ്രകാരം, നിലവിൽ പാഥേയം പദ്ധതിക്കായുള്ള 7,96,462 രൂപ (2,87,734 + 5,08,728) ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഭക്ഷണ വിതരണത്തിന്റെ ഫയൽ പരിശോധിച്ചതിൽ (4/2021ലെ വൌച്ചർ മാത്രം - ചെക്ക് നമ്പർ 746583/20.04.2021) ഫെബ്രുവരി മാസം 27 പേർക്ക് മാത്രമാണ് ഭക്ഷണ വിതരണം ചെയ്തിട്ടുള്ളതെന്ന് കാണുന്നു. 4 ഗുണഭോക്താക്കൾ മരണപ്പെട്ടതിനാലും ഭക്ഷണപ്പൊതിക്ക് താല്പര്യമില്ലാത്തവരുള്ളതിനാലും ചില വാർഡുകളിൽ ഭക്ഷണവിതരണത്തിന് ചുമതലപ്പെട്ടവർ തയ്യാറാകാത്തതിനാലും 20 പേർക്ക് ഭക്ഷണം നൽകാൻ സാധിച്ചിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്.

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ കാര്യത്തിൽ അവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | സുഭിക്ഷ കേരളം സമഗ്ര നെൽകൃഷി വികസനം ഒന്നും രണ്ടും വിളകൾ | 228500 |
| | ലൈഫ് ഭവന പദ്ധതി വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം (SO) | 84000 |
| | ലക്ഷംവീട് കോളനി അടിസ്ഥാനസൌകര്യ വികസനം (SO) | 90000 |
| | ന്യൂലൈഫ് ജനറൽ (SO) | 100000 |
| | ലൈഫ് ഭവന പദ്ധതി ജനറൽ | 415400 |
| | സ്നേഹ സ്പർശം (മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി) | 178125 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (വനിത) | 200000 |
| ആകെ | | 1296025 |
| ജില്ല പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി ജനറൽ | 80000 |
| | സ്നേഹ സ്പർശം(മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി) | 178125 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 50000 |
| | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (വനിത) | 75000 |
| ആകെ | | 383125 |

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7, RP –31 എന്നിവ | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | പ്രകാരം വരവ് | | | | |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 12150 | 383125 | 384335 | 383125 | 12150 | 12150 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1185625 | 1212025 | 2397650 | 1296025 * | 1101625 | 1080025 |
| മുനിസിപ്പൽ കോർപ്പറേഷൻ | 0 | 2100000 | 2100000 | 0 | 2100000 | 2100000 |

*2018-19ൽ കിണർ റീച്ചാർജ് പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് വിഹിതത്തിന്റെ ചെലവഴിക്കാതെ അവശേഷിച്ച 21,600 രൂപ, വൌച്ചർ നമ്പർ 22100302/23.06.2021 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി.ക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് 734827/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | തൻ വർഷം ചെലവഴിച്ച തുക |
|---|---|
| പോസ്റ്റ് ഷിഫ്റ്റിംഗ് | 73364 |
| സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 661463 |
| ആകെ | 734827 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം (RP47 പ്രകാരം) | ആകെ | 2021-22 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 3266801 | 734827 | 4001628 | 0 | 4001628 |
| കേരള വാട്ടർ അതോറിറ്റി | 1738489 | 0 | 1738489 | * | 0 |

[* കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 2021-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 18/23.02.2023) ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു].

| ക്രമ നം. | പ്രവൃത്തി | നിക്ഷേപം | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|
| I | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിവിധ സ്ഥലങ്ങൾ | 1108377 | 814864 | 293513 |
| Ii | 90mmപൈപ്പ് ലൈൻ - വിവിധ സ്ഥലങ്ങൾ | 996630 | 705896 | 290734 |
| Iii | 63mm PVC പൈപ്പ് ലൈൻ - വിവിധ SCകോളനികൾ | 494407 | 480362 | 14045 |
| Iv | സ്ട്രീറ്റ് ഫൌണ്ടൻ വാർഡ് 6, 12, 14 | 360446 | 322029 | 38417 |
| V | 90 Mmപൈപ്പ് ലൈൻ-പെരുംകുളം | 242807 | 160943 | 81864 |
| Vi | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിവിധ സ്ഥലങ്ങൾ | 935000 | 656418 | 278582 |
| Vii | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വാർഡ് 1, 2, 3, 4, 13, 16 | 750000 | 713114 | 36886 |
| Viii | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ടാപ്പുകൾ | 1150000 | 762638 | 387362 |
| Ix | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ടാപ്പുകൾ | 400000 | 342777 | 57223 |
| ആകെ | | 64,37,667 | 49,59,041 | 14,78,626 |

ക്രമ നമ്പർ I, Ii, Iii എന്നീ പ്രവൃത്തികളിലെ വിനിയോഗിക്കാത്ത തുകയായി 5,98,292 രൂപ (293513+290734+14045) വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്നതായി വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക രസീത് നമ്പർ 121050500224/15.02.2022 പ്രകാരം റീഫണ്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 23/24.02.2023ന്റെ മറുപടി).

2021-22 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടില്ല. മുൻബാക്കിയായി വാർഷിക ധനകാര്യ പത്രികയിൽ 17,38,489 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം 64,37,667രൂപ നിക്ഷേപമുള്ളതായി കാണുന്നു. ഇതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല.

ക്രമ നമ്പർ lvമുതൽ lx വരെയുള്ള പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിനിയോഗശേഷമുള്ള ബാക്കി തുക(8,80,334രൂപ) മറ്റ് പ്രവൃത്തികൾക്കായി വിനിയോഗിച്ചെന്ന് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനും വ്യക്തത വരുത്തിയിട്ടില്ല. പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.]

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/18 തീയതി 15.05.2018 | 200000 | 7138000 | 1452000 | - | 5886000 |
| ഇ.എം.എസ് ഭവന പദ്ധതി | - | 0 | 1123305 | 1123305 | - | 0 |
| KURDFC വായ്പ കുടിശ്ശിക അടവാക്കൽ | - | 0 | 43500 | 43500 | - | 0 |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി |
|---|---|---|---|---|
| AA No.081570/ 14852 (സബ് ട്രഷറി, ആറ്റിങ്ങൽ) | 150000 | 8.75 % | 22.12.2014 | 22.12.2024 |

പ്രസ്തുത സ്ഥിരനിക്ഷേപത്തിന് തൻവർഷം പലിശയിനത്തിൽ, 15,342/- രൂപ ലഭിച്ചിട്ടുണ്ട്. സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2021-22-ലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14 | 3-10 | 41400 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 121050102639 തീയതി 21.11.2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 | 3.8.3 | 2006-07 | തൊഴിൽ പരിശീലന പദ്ധതികൾ നടപ്പാക്കിയതുവഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം | കോടതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 11675008 |
| ഓഡിറ്റ് വർഷത്തെ വരവ് | 83651623 |
| ആകെ | 95326631 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83285372 |
| നീക്കിയിരിപ്പ് | 12041259 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1679/2022 തീയതി 03.10.2022 | 1 |
| 2008-09 | | 1 |
| 2012-13 | | 3 |
| 2013-14 | | 1 |
| 2015-16 | | 1 |
| 2016-17 | | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2406/18 തീയതി .04.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/02/2020 തീയതി 13.10.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1287/2021 തീയതി 11.11.21 | 57 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/529/2022 തീയതി 27.05.2022 | 33 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്